**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **17-09-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര കലാപീഠത്തിൽ നിന്നും കോഴ്സുകൾ ചെയ്തവർക്ക് ദേവസ്വം ബോഡ് നിയമനങ്ങളിൽ മുൻഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര കലാപീഠത്തിൽ നിന്നും തകിൽ, നാദസ്വരം, പഞ്ചവാദ്യം എന്നീ കോഴ്സുകൾ പാസാവുന്നവർക്ക് ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുൻഗണന നൽകിയിരുന്നോ; നിലവിൽ പ്രസ്തുത രീതി തുടരുന്നുണ്ടോ; ഇതിനായി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ദേവസ്വം ബോർഡിന്റെ 02/01/2010- ലെ ROC No. 6171/2007/CA നമ്പർ ഉത്തരവ് പ്രകാരം നാദസ്വരം, തകിൽ, പഞ്ചവാദ്യം എന്നീ തസ്തികയിലെ മുഴുവൻ നിയമനങ്ങളും ക്ഷേത്ര കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങിയവർക്കായി മാറ്റിവച്ചിരുന്നു. കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ വർഷം, റാങ്ക് എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സീനിയോറിറ്റി പ്രകാരമാണ് ടി നിയമനം നടത്തിയിരുന്നത്. നിലവിൽ പ്രസ്തുത രീതി തുടരുന്നില്ല. ദേവസ്വം ബോർഡ് നിയമനങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രകാരമായപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രത്യേകം സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയതു പ്രകാരം ടി തസ്തികകളിലെ 80% നിയമനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങിയവരിൽ നിന്നും 20% പുറത്ത് പ്രവർത്തിക്കുന്ന അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങിയവരിൽ നിന്നുമാണ് നടത്തുന്നത്. |
| (ബി) | സ്പെഷ്യൽ റൂളിൽ ഇത്തരം നിയമനം സംബന്ധിച്ച വ്യവസ്ഥ എന്താണെന്നും റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സ്പെഷ്യൽ റൂൾ പ്രകാരം നിയമനം നടത്തുമ്പോൾ മേൽപ്പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിലുള്ളവരുടെ മുൻഗണന നഷ്ടപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ദേവസ്വം ബോർഡിന്റെ 02/01/2010- ലെ ROC No. 6171/2007/CA നമ്പർ ഉത്തരവ് പ്രകാരം നാദസ്വരം, തകിൽ, പഞ്ചവാദ്യം എന്നീ തസ്തികയിലെ മുഴുവൻ നിയമനങ്ങളും ക്ഷേത്ര കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങിയവർക്കായി മാറ്റിവച്ചിരുന്നു. കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ വർഷം, റാങ്ക് എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സീനിയോറിറ്റി പ്രകാരമാണ് ടി നിയമനം നടത്തിയിരുന്നത്. നിലവിൽ പ്രസ്തുത രീതി തുടരുന്നില്ല. ദേവസ്വം ബോർഡ് നിയമനങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രകാരമായപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രത്യേകം |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയതു പ്രകാരം ടി തസ്തികകളിലെ 80% നിയമനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര കലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങിയവരിൽ നിന്നും 20% പുറത്ത് പ്രവർത്തിക്കുന്ന അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങിയവരിൽ നിന്നുമാണ് നടത്തുന്നത്. |
| (സി) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ നിയമനസാധ്യത മുന്നിൽകണ്ട് പ്രസ്തുത കോഴ്സ് പഠിച്ചവരുടെ തൊഴിൽ സാധ്യതകൾ ഇല്ലാതാകുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ നിയമന സാധ്യത മുന്നിൽ കണ്ട് പ്രസ്തുത കോഴ്സ് പഠിച്ചവരുടെ തൊഴിൽ സാധ്യത ഇല്ലാതാകുന്ന സാഹചര്യമില്ല. മറിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന മത്സര പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച് റാക് ലിസ്റ്റിൽ ഇടം നേടി നിയമനം നേടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ